സ്പിരിറ്റ് ഉണ്ടാക്കുന്നതിന് ചെറുകിട മേഖലയിൽ മൂന്നു ഡിസ്റ്റിലറി കൾ തുടങ്ങുന്നതിന് അംഗീകാരം കൊടുക്കുവാൻ എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം കൊടുത്തിരുന്നത് പിന്നീട് റദ്ദാക്കി.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

കൊച്ചി തുറമുഖത്തിന്റെ ഉപ തുറമുഖം

* 138. [141] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് :

ശ്രീമതി കെ. ആർ. ഗൗരി :

ശ്രീ. ടി. കെ. അബ്ദു :

,, ശ്രീ. വി. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി തുറമുഖത്തിന്റെ ഉപ തുറമുഖമായി സംസ്ഥാനത്തെ ഏതെല്ലാം തുറമുഖങ്ങൾ ഉൾപ്പെടുത്തണമെന്നാണ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുള്ളത് ;

(ബി) ആലപ്പുഴ തുറമുഖം കൊച്ചിതുറമുഖത്തിന്റെ ഉപ തുറമുഖമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്രഗവൺമെന്റിന് നിവേദനം കൊടുത്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്ന് ;

(ഡി) അതിൻമേൽ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ ?

എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എൻ. ശ്രീനിവാസൻ) :

(എ) ആലപ്പുഴ തുറമുഖം കൊച്ചി തുറമുഖത്തിന്റെ ഉപ തുറമുഖമായി പ്രഖ്യാപിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 1972 മുതൽ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്.

(ഡി) കേന്ദ്ര ഗവൺമെന്റ് ഈ നിർദ്ദേശം തള്ളികളയുകയാണ് ഉണ്ടായത്.

പുകയില, തുണിത്തരങ്ങൾ, പഞ്ചസാര എന്നീ സാധനങ്ങളിൻമേലുള്ള വിൽപ്പന നികുതി

* 139. [142] ഡോക്ടർ കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുകയില, തുണിത്തരങ്ങൾ പഞ്ചസാര എന്നീ സാധനങ്ങളിൻമേൽ സംസ്ഥാന ഗവൺമെന്റ് വിൽപ്പന നികുതി ഈടാക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ശതമാനം ;

(സി) ഒരു വർഷം ഈ ഇനത്തിൽ സംസ്ഥാന ഗവൺമെന്റിന് എന്തു വരുമാനം ഉണ്ടാകും ?

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ, ബി) ഇൻഡ്യൻ നിർമ്മിത പുകയില, തുണിത്തരങ്ങൾ, പഞ്ചസാര എന്നീ സാധനങ്ങൾക്ക് സംസ്ഥാന ഗവൺമെന്റ് നികുതി ചുമത്തുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly